# കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ 4 സ്റ്റാർ 5 സ്റ്റാർ പദവിയിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലർ സജ്ജമാക്കി പ്രവർത്തിക്കുന്നതിന് താല്പര്യപത്രം ക്ഷണിക്കൽ [Calling Expression of Interest].

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ കേരള കള്ള് വ്യവസായ വികസന ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് രുചികരമായ ഭക്ഷണ വിഭവങ്ങളും, ശുദ്ധമായ കള്ളും ടൂറിസ്റ്റുകൾക്ക് നൽകുന്നതിന് 4 സ്റ്റാർ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനോടു കൂടിയ റസ്റ്റോറന്റ് കം ടോഡി പാർലർ സജ്ജമാക്കി പ്രവർത്തിപ്പിക്കുന്നതിന് സാമ്പത്തിക ഭദ്രതയും താല്പര്യവുമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും താല്പര്യപത്രം [ Expression of Interest] ക്ഷണിക്കുന്നു.

| റഫറൻസ്.നം. D1/22/2025/KTIDB | | തീയതി. 18/07/2025 | |
|---|---|---|---|
| ക്രമ. നം. | | തീയതി | സമയം |
| 1 | താല്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള അഭ്യർത്ഥന പ്രസിദ്ധപ്പെടുത്തുന്ന തീയതി. | 06.08.2025 | |
| 2 | താല്പര്യപത്രം സ്വീകരിച്ചു തുടങ്ങുന്ന തീയതി. | 01.09.2025 | |
| 3 | താല്പര്യപത്രം സംബന്ധിച്ച മീറ്റിംഗ് തീയതി. | 29.08.2025 | 11.00 am |
| 4 | താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. | 30.09.2025 | 05.00 pm |
| 5 | താല്പര്യപത്രം തുറന്ന് പരിശോധിക്കുന്ന തീയതി. | 06.10.2025 | 11.00 am |

## 1. ആമുഖം

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കള്ള് ചെത്ത് വ്യവസായം. പരമ്പരാഗത കള്ള് വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കേരള നിയമസഭയുടെ 2021-ലെ 40-ാം ആക്ട് പ്രകാരം പാസാക്കിയതും 2021 നവംബർ 14-ാം തീയതിയിലെ 4153/ലെജിA1/2021 നിയമം വഴി വിജ്ഞാപനം ചെയ്ത് നിലവിൽ വന്നതുമായ ഒന്നാണ് കേരള കള്ള് വ്യവസായ വികസന ബോർഡ്. കൂടുതൽ

ആളുകളെ ഈ തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നതിനും കള്ള് ചെത്ത് വ്യവസായത്തിൽ സമൂലമായ മാറ്റം കൊണ്ടു വരുന്നതിനും ശുദ്ധമായ കള്ളും ഭക്ഷണവും ലഭിക്കുന്ന ഇടങ്ങളാക്കി കള്ള് ഷാപ്പുകളെ മാറ്റുന്നതിനും കേരളത്തിന്റെ പ്രൗഢി വിളിച്ചോതുന്ന ഒരു പൊതു ബ്രാൻഡിൽ കേരള കള്ള് വ്യവസായത്തെ കൊണ്ടുവരികയുമാണ് ഈ ബോർഡിന്റെ ലക്ഷ്യം.

കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. ടൂറിസത്തെ വ്യവസായമായി അംഗീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ഈ നാടിന്റെ വൈവിധ്യം ആസ്വദിക്കുന്നതിനായി ധാരാളം സ്വദേശി-വിദേശി ടൂറിസ്റ്റുകൾ കേരളത്തിന്റെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നു. കേരളത്തിന്റെ പ്രകൃതി രമണീയത കൺകുളിർക്കെ കാണാനും തനതായ ഉൽപ്പന്നങ്ങൾ ആസ്വദിക്കാനുമാണ് ഈ ടൂറിസ്റ്റുകൾ എത്തുന്നത്. പ്രകൃതി സൗന്ദര്യത്തോടൊപ്പം രുചികരമായ ഭക്ഷണത്തിനും കേരളം പേരുകേട്ടതാണ്. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട രുചികൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗതമായ പാചകരീതികൾ എന്നിവയുടെ ഊർജ്ജസ്വലമായ മിശ്രിതമാണ് കേരളത്തിലെ പാചക പാരമ്പര്യം. കടൽ വിഭവങ്ങൾ മുതൽ സുഗന്ധമുള്ള സസ്യാഹാര വിഭവങ്ങൾ വരെ എല്ലാ ഭക്ഷണ പ്രേമികൾക്കും കേരള ഭക്ഷണം ഒരു ആവേശകരമായ അനുഭവം പ്രധാനം ചെയ്യുന്നു. അതാത് പ്രദേശത്തെ ഊർജ്ജസ്വലമായ സംസ്കാരത്തിന്റെയും അവിടുത്തെ ജനങ്ങളുടെ ഊഷ്മളതയും തനതായ ചേരുവകളും സങ്കീർണമായ രുചികളും കേരള പാചക രീതിയെ ഹൃദ്യമായ പാചക അനുഭവങ്ങളാക്കി മാറ്റുന്നു.

കേരളത്തിന്റെ തനതും പരമ്പരാഗതവുമായ ഒരു പ്രകൃതിദത്ത പാനീയമാണ് കള്ള്. പ്രകൃതിയിൽ ലഭ്യമാകുന്ന ലഹരി വസ്തുക്കളിൽ ആൽക്കഹോളിന്റെ അംശം വളരെ കുറവും ആരോഗ്യത്തിനു ഹാനികരവുമല്ലാത്ത ഒന്നാണ് കള്ള്. ഇതിൽ ദോഷരഹിതമായ പഞ്ചസാരയുടെ അളവ് 15% മാത്രമാണ്. ജീവകങ്ങളും മനുഷ്യ ശരീരത്തിന് അവശ്യ ഘടകങ്ങളായ 17 തരം അമിനോ ആസിഡുകളും കള്ളിൽ അടങ്ങിയിരിക്കുന്നു. പ്രകൃതിയിൽ നിന്നും ശുദ്ധമായി ലഭിക്കുന്നതും സ്വമേധയാ യാതൊരു മാലിന്യവും കലരാത്തതുമായ ഒന്നാണ് കള്ള്. ഇതു ഒരു ഭക്ഷ്യ ഉൽപ്പന്നമായി കാണേണ്ടതും പരിപാലിച്ച് ഉപയോഗിക്കേണ്ടതുമാണ്.

കേരളത്തിന്റെ തനതായ രുചിഭേദങ്ങൾ ആസ്വദിക്കാനും ശുദ്ധമായ കള്ള് ആവശ്യമുള്ളവർക്ക് ഉപയോഗിക്കാനും, കേരളത്തിന്റെ തെങ്ങ് ഉൽപ്പന്നങ്ങളും, പ്രാദേശിക ഉൽപ്പന്നങ്ങളും പരിചയപ്പെടാനും സ്വന്തമാക്കാനും ആഗ്രഹിച്ചെത്തുന്ന

സ്വദേശി- വിദേശി ടൂറിസ്റ്റുകൾക്ക് അവ ലഭ്യമാക്കുന്നതിന് 4 സ്റ്റാർ 5 സ്റ്റാർ പദവിയിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലർ കേരള കള്ള് വ്യവസായ വികസന ബോർഡ് നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സജ്ജമാക്കി പ്രവർത്തിക്കാൻ കഴിയുന്നവരിൽ നിന്നുമാണ് ഈ താല്പര്യപത്രം ക്ഷണിക്കുന്നത്.

## 2. ഉദ്ദേശ്യങ്ങൾ/ലക്ഷ്യങ്ങൾ.

കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സ്വദേശി-വിദേശി ടൂറിസ്റ്റുകൾക്ക് കുടുംബ സമേതം സുരക്ഷിതവും, ശുദ്ധവും രുചികരവുമായ ഭക്ഷണം നൽകുക, ദൈവത്തിന്റെ സ്വന്തം നാട്ടിലെ തദ്ദേശീയ പ്രകൃതി പാനീയമായ കള്ള് ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർക്ക് ശുദ്ധമായ കള്ള് കേരളത്തിന്റെ തനത് ബ്രാൻഡിൽ ലഭ്യമാക്കുക, കേര-ഉൽപ്പന്നങ്ങൾ, പ്രാദേശിക ഉൽപ്പന്നങ്ങൾ, വിഭവങ്ങൾ പരിചയപ്പെടുത്തുക അങ്ങനെ കേരളത്തിന്റെ പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായത്തിൽ കാലോചിതവും സമഗ്രവുമായ മാറ്റം കൊണ്ടുവരിക.

## 3. പദ്ധതിയുടെ വ്യാപ്തി.

- കേരളത്തിലെ ടൂറിസം വകുപ്പ് റസ്റ്റോറന്റ് ക്ലാസ്സിഫിക്കേഷന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ ടോഡി ബോർഡ് റസ്റ്റോറന്റ് കം ടോഡി പാർലറിനും ബാധകമാകുന്നു.
- റസ്റ്റോറന്റിൽ നിന്നും വേറിട്ട് ടോഡി പാർലർ കൂടി കൂട്ടി ചേർക്കുന്നു. [മിനിമം 20 സീറ്റിംഗ് കപ്പാസിറ്റി - 400 Sq.ft ഏരിയ ]
- 4 സ്റ്റാർ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലർ ആയതിനാലും കുടുംബ സമേതം ഭക്ഷണം കഴിക്കാൻ എത്തുന്ന ഇടങ്ങളായി കാണുന്നതിനാലും കുട്ടികൾക്ക് വിനോദത്തിനുള്ള ചെറിയ ഉപാധികളും ഉണ്ടായിരിക്കണം.
- 4 സ്റ്റാർ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനിൽ നിഷ്കർഷിക്കുന്ന തരത്തിൽ സീറ്റിംഗ് കപ്പാസിറ്റിക്ക് അനുസൃതമായി പാർക്കിംഗ് സൗകര്യം ഉണ്ടാകണം.
- റസ്റ്റോറന്റ്, ടോഡി പാർലർ എന്നിവിടങ്ങളിലേയ്ക്ക് റിസപ്ഷൻ/ലോബിയിൽ നിന്നും വേറിട്ട വഴിയും വാതിലുകളും ഉണ്ടായിരിക്കണം. [റിസപ്ഷൻ/ലോബി മിനിമം - 200 Sq.ft ഏരിയ ]
- സ്വദേശി- വിദേശി ടൂറിസ്റ്റുകൾക്ക് നൽകാൻ കഴിയുന്ന എല്ലാത്തരം ഭക്ഷണവും ലഭ്യമാക്കണം.

- പ്രാദേശിക ഭക്ഷണ രീതികൾ,ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുവാനും ലഭ്യമാക്കാനും കഴിയുന്ന ഇടങ്ങളാകണം [കുടുംബശ്രീ, കൃഷിക്കൂട്ടം എന്നിവയുടെ സഹകരണം തേടാവുന്നതാണ്. മിനിമം 100 Sq.ft ഏരിയ. ]
- ശുദ്ധമായ കള്ള് [ബോട്ടിലിംഗ് വിജയകരമാകുന്നതുവരെ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്നത് ] ആവശ്യമുള്ളവർക്ക് ടോഡി പാർലറിൽ ലഭ്യമാക്കണം.
- ശുദ്ധമായ കള്ള് ലഭ്യമാക്കുന്നതിന് കഴിവതും പ്രാദേശികമായി തന്നെ വൃക്ഷങ്ങൾ കണ്ടെത്തി പരിശീലനം ലഭിച്ചതും വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ തൊഴിലാളികളെ കൊണ്ട് ചെത്തി കള്ള് ലഭ്യമാക്കുന്നതാണ്.
- ഇത്തരത്തിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലർ കോമ്പൗണ്ടിനുള്ളിൽ നിശ്ചയിച്ചിട്ടുള്ള ചെത്ത് വൃക്ഷങ്ങളിൽ വിനോദ സഞ്ചാരികൾക്ക് ചെത്ത് കാണിച്ചു കൊടുക്കാവുന്നതാണ്.
- ഇത്തരത്തിലുള്ള സംരഭത്തിലേയ്ക്ക് കടന്നു വരുന്നവർക്ക് കുറഞ്ഞത് 6 വർഷമെങ്കിലും പദ്ധതി നടത്തുന്നതിന് അനുമതി ലഭ്യമാകുന്നതാണ്. ബോർഡ് നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കുന്നില്ലായെങ്കിൽ അനുമതി റദ്ദാക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ കാലയളവിൽ പരാതികൾക്കിടം നൽകാതെ പദ്ധതി നടപ്പിലാക്കുന്നവർക്ക് തുടർച്ചാനുമതി ലഭ്യമാക്കുന്നതാണ്.
- തെരഞ്ഞെടുക്കുന്ന ടൂറിസം സെന്റർ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സവിശേഷമായ ഭക്ഷണ വിഭവങ്ങൾ, ഇതര ഉൽപ്പന്നങ്ങൾ, എന്തൊക്കെയാണെന്ന് വ്യക്തമാക്കണം.
- അപേക്ഷിക്കുന്ന/തെരഞ്ഞെടുക്കുന്ന സ്റ്റാർ പദവിയിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലറിൽ ലഭ്യമാക്കുന്ന ഭക്ഷണ വിഭവങ്ങളുടെ ഒരു വിലവിവര പട്ടിക കൂടി സമർപ്പിക്കണം. (എല്ലാ പ്രദേശത്തേയും പട്ടിക പരിശോധിച്ച് എല്ലാ സ്റ്റാർ ക്ലാസ്സിഫിക്കേഷനിലെ റസ്റ്റോറന്റ് കം ടോഡി പാർലറിലും ഭക്ഷണ വിഭവങ്ങൾക്ക് ഏകീകൃത വിലവിവരപട്ടിക തയ്യാറാക്കുന്നതാണ് ).
- അപേക്ഷിക്കുന്ന വ്യക്തി/സ്ഥാപനത്തിന് തുടക്കത്തിനുശേഷം ഏതെങ്കിലും കാരണത്താൽ നേരിട്ട് നടത്താൻ കഴിയുന്നില്ലായെങ്കിൽ അവ മറ്റൊരു വ്യക്തി/ഏജൻസിക്ക് നൽകുന്നതിനുള്ള അധികാരം ബോർഡിനായിരിക്കും.

## 4.യോഗ്യതകൾ

1) താല്പര്യപത്രം സമർപ്പിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ഈ പദ്ധതി നടത്തിപ്പിനായുള്ള സാമ്പത്തിക ഭദ്രതയുള്ളവർ ആയിരിക്കണം.
2) ഒരു ടൂറിസം സെന്ററിൽ ഈ പദ്ധതി തുടങ്ങാൻ അനുമതി ലഭിക്കുന്ന വ്യക്തി/ സ്ഥാപനം അനുമതി തീയതി മുതൽ 3 മാസത്തിനകം റസ്റ്റോറന്റ് കം ടോഡി പാർലർ പ്രവർത്തന സജ്ജമാക്കാൻ കഴിയണം.
3) ഇത്തരത്തിൽ ഏതെങ്കിലും സ്ഥാപനം നടത്തി പരിചയമുള്ളവരാണെങ്കിൽ ആ വിവരം പ്രത്യേകമായി രേഖപ്പെടുത്തണം.
4) അപേക്ഷിക്കുന്ന/തെരഞ്ഞെടുക്കുന്ന ടൂറിസം സെന്ററിൽ താല്പര്യപത്രം സമർപ്പിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് നടത്തിപ്പിനാവശ്യമായ സ്ഥല-കെട്ടിട സൗകര്യം ഉണ്ടായിരിക്കുകയോ, ലീസിന് കണ്ടെത്തുന്നതിന് കഴിയുന്നവരോ ആയിരിക്കണം.
5) ഒരു വ്യക്തിക്ക്/സ്ഥാപനത്തിന് ഒന്നിൽ കൂടുതൽ റസ്റ്റോറന്റ് കം ടോഡി പാർലർ സജ്ജമാക്കി പ്രവർത്തിപ്പിക്കുന്നതിന് അനുമതി ലഭിക്കുന്നതാണ്.
6) ഇത്തരത്തിലുള്ള സ്ഥാപനങ്ങളേതെങ്കിലും മുൻപ് നടത്തി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കരിമ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

## 5. താല്പര്യപത്രം നിരാകരിക്കൽ.

ചുവടെ ചേർക്കുന്ന ഏതെങ്കിലും കാരണത്താൽ സമർപ്പിച്ച താല്പര്യപത്രം നിരസിക്കുന്നതിന് കേരള കള്ള് വ്യവസായ വികസന ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

- നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ.
- ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്തവ.
- തെറ്റുകൾ ഉള്ളവയും ഔദ്യോഗിക അധികാരികൾ ഒപ്പ് രേഖപ്പെടുത്താത്ത അപേക്ഷകൾ.
- തെറ്റായ വിവരം രേഖപ്പെടുത്തിയവ, വ്യാജരേഖകൾ ഉള്ളടക്കം ചെയ്തവ, തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയവ.
- ഏതെങ്കിലും സ്ഥാപനം നടത്തി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കരിമ്പട്ടികയിൽ ഉൾപ്പെട്ടവരുടെ അപേക്ഷ.

## 6. താല്പര്യപത്രം പരിശോധനയും തെരഞ്ഞെടുക്കലും.

- ❖ യോഗ്യതാ മാനദണ്ഡത്തെ അടിസ്ഥാനമാക്കി എല്ലാ അപേക്ഷകളും സൂക്ഷ്മ പരിശോധന നടത്തുന്നു. EoI രേഖകളിൽ പരാമർശിച്ചിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങളും മറ്റ് അവശ്യ വ്യവസ്ഥകളും പാലിക്കാത്ത അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.
- ❖ യോഗ്യരായ എല്ലാ അപേക്ഷകരേയും അവർ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. ബോർഡ് രൂപീകരിക്കുന്ന സെലക്ഷൻ കമ്മറ്റിക്ക് മുമ്പിൽ ഒരു അവതരണം നടത്തണം.
- ❖ തെരഞ്ഞെടുക്കുന്ന എല്ലാ ഏജൻസികളേയും ബോർഡ് തുല്യമായി പരിഗണിക്കും. ഏജൻസി ഉണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ ബോർഡ് പ്രത്യേകമായി വിലയിരുത്തും.
- ❖ തെരഞ്ഞെടുക്കുന്ന വ്യക്തി/സ്ഥാപനത്തിന് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഒരു അവതരണം നടത്തുന്നതിനായുള്ള അവസരം ബോർഡ് നൽകുന്നതാണ്.
- ❖ റസ്റ്റോറന്റ് കം ടോഡി പാർലർ സജ്ജമാക്കുന്നതിന് താല്പര്യപത്രം സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനത്തിന് ആ ടൂറിസം കേന്ദ്രത്തെ സംബന്ധിച്ച ഒരു അവലോകനം/പഠനം മുൻകൂട്ടി നടത്താവുന്നതാണ്.

## 7. ഉപസംഹാരം

ഈ താല്പര്യപത്ര രേഖകൾ ഏതെങ്കിലും വ്യക്തികൾ/സ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വാഗ്ദാനങ്ങളോ ഉറപ്പുകളോ ഒന്നും തന്നെ നൽകുന്നില്ല. താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള ഫോമുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. എല്ലാ ഫോമുകളും പൂരിപ്പിച്ച് രേഖകളുടെ പകർപ്പുകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അഡ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷിക്കേണ്ട മേൽവിലാസം – **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കള്ള് വ്യവസായ വികസന ബോർഡ്, TC 81/3986(6), ഒന്നാം നില, ബ്ലോക്ക് A, സെൻട്രൽ ടെലഫോൺ എക്സ്ചേഞ്ച്, ഗവ. പ്രസ്സിന് സമീപം, സ്റ്റാച്യൂ, തിരുവനന്തപുരം 695001.**

**ഫോൺ: 0471–2335028, ഇമെയിൽ:** ktidb123@gmail.com,
വെബ് സൈറ്റ്: **ktidb.kerala.gov.in**

# അനുബന്ധം 1

From,

……………………………………

……………………………………..

…………………………………….

To,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരള കള്ള് വ്യവസായ വികസന ബോർഡ്,
TC 81/3986(6), ഒന്നാം നില, ബ്ലോക്ക് A,
സെൻട്രൽ ടെലഫോൺ എക്സ്ചേഞ്ച്,
ഗവ. പ്രസ്സിന് സമീപം, സ്റ്റാച്യൂ, തിരുവനന്തപുരം 695001.

വിഷയം – കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ നേതൃത്വത്തിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന റസ്റ്റോറന്റ് കം ടോഡി പാർലർ– താല്പര്യപത്രം സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന – കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ………………… തീയതിയിലെ ………………..നം താല്പര്യപത്രം ക്ഷണിക്കൽ.

സർ,

കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ നേതൃത്വത്തിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന 4 സ്റ്റാർ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനോടു കൂടിയ റസ്റ്റോറന്റ് കം ടോഡി പാർലർ ………………………… ജില്ലയിലെ …………. ടൂറിസം കേന്ദ്രത്തിൽ തുടങ്ങുന്നതിൽ താല്പര്യപത്രം സമർപ്പിക്കുന്നതിന് ഞാൻ/സ്ഥാപനം ആഗ്രഹിക്കുന്നു. സൂചനയിലെ നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള എല്ലാ രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു. ഇതിൽ പറഞ്ഞിട്ടുള്ളതും സമർപ്പിച്ചിട്ടുള്ള രേഖകളും എന്റെ/ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ

…………………………………………

സ്ഥലം ………..

തീയതി …………..

# അനുബന്ധം –II

## വ്യക്തി/സ്ഥാപനത്തിന്റെ വിവരങ്ങൾ

| ക്രമ.നം | | |
|---|---|---|
| 1 | വ്യക്തി/സ്ഥാപനത്തിന്റെ പേര് | |
| 2 | സ്ഥാപനം ആണെങ്കിൽ ആരംഭിച്ച വർഷം | |
| 3 | സ്ഥലം, മേൽവിലാസം, ഫോൺ നം, ഇ.മെയിൽ | |
| 4 | വ്യക്തി/സ്ഥാപനത്തെ കുറിച്ചുള്ള ലഘു വിവരണം | |
| 5 | ഇതിൽ സഹകരിക്കുന്ന പ്രധാന വ്യക്തി/വ്യക്തികൾ അവരുടെ ഈ മേഖലയിലെ പ്രാവീണ്യം | |
| 6 | ഇത്തരത്തിലുള്ള പദ്ധതി മുമ്പ് ചെയ്തിട്ടുണ്ടോ, വിശദവിവരം | |
| 7 | ഏത് ജില്ലയിൽ/ഏത് ടൂറിസം കേന്ദ്രത്തിലാണ് പദ്ധതി ചെയ്യുന്നത് | |
| 8 | ഏത് സ്റ്റാർ ക്ലാസ്സിഫിക്കേഷനിലാണ് പദ്ധതി നടപ്പിലാക്കുന്നത് | |
| 9 | സ്വന്തം സ്ഥലം/കെട്ടിടം ഉണ്ടോ, വിശദവിവരം | |
| 10 | ഏതു വിധത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്- വിശദവിവരം | |
| 11 | ബോർഡിൽ നിന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിനു നിങ്ങൾ എന്തൊക്കെയാണ് പ്രതീക്ഷിക്കുന്നത്. | |
| 12 | മുൻപ് ഏതെങ്കിലും അബ്കാരി കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ? നിലവിൽ ഏതെങ്കിലും കേസ് ഉണ്ടോ? വിശദവിവരം. | |
| 13 | ഇതര വിവരങ്ങൾ | |

[ കൂടുതൽ ഷീറ്റ് പേപ്പർ ഇതോടൊപ്പം ഉപയോഗിക്കാവുന്നതാണ്. ഈ ഫോം ആമുഖ കത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ് ].

ഒപ്പ്..........

സ്ഥലം.......... | അപേക്ഷകന്റെപേര് ..................

തീയതി....... | ഔദ്യോഗിക സ്ഥാനം ....................

സീൽ

# **അനുബന്ധം – III**

## <u>സത്യപ്രസ്താവന</u>

കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ നേതൃത്വത്തിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന 4 സ്റ്റാർ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലർ തുടങ്ങുന്നതിന് എനിക്ക്/ഞങ്ങൾക്ക് താല്പര്യമുണ്ട്. ഇവിടെ നൽകിയിരിക്കുന്ന വിവരങ്ങൾ, രേഖകൾ എല്ലാം കൃത്യവും സത്യവുമാണ്. ഇത്തരത്തിലുള്ള സംരംഭത്തിൽ പങ്കെടുക്കുന്നതിൽ നിന്നും കേരള/കേന്ദ്ര സർക്കാരുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ ഞങ്ങളെ നാളിതുവരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

ഒപ്പ്

സ്ഥലം...........

തീയതി........

അപേക്ഷകന്റെ പേര് ...........

ഔദ്യോഗിക സ്ഥാനം.....................

സീൽ